കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് 11.01.2012

# ദേശീയപുസ്തകോത്സവത്തിൽ വൻവിൽപ്പന

തൃശൂർ: കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തിലെ പ്രദർശനശാലകളിൽ വൻവിൽപ്പന. മേളയിൽ ഡി.സി.ബുക്സ് വൻനേട്ടമാണ് കൊയ്തതെന്ന് വിൽപ്പനക്കാർ അറിയിച്ചു. പുതിയ പുസ്തകങ്ങളെ വായനക്കാർ വളരെ ഹാർദ്ദമായാണ് സ്വീകരിക്കുന്നതെന്ന് പരിധി പബ്ലിക്കേഷൻസ് ജീവനക്കാർ പറയുന്നു. ബ്ലോഗെഴുത്തുകാരുടെ രചനകൾക്കും ആവശ്യക്കാരുണ്ട്. പരിധി പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങളാണ് ഏറെ വിറ്റുപോയത്. വിവിധ അക്കാദമികളുടെ ശാലകളിൽ ഗവേഷണപരമായ പുസ്തകങ്ങൾക്ക് ഇപ്പോഴും നല്ല തിരക്കുണ്ട്.

ഉപാസിക തിയോസഫിക്കൽ ലോഡ്ജിന്റെ പുസ്തകശാലക്കാർ പറയുന്നത് അവരുടെ വിൽപ്പന ലക്ഷ്യം പൂർത്തിയായെന്നാണ്. ജെ.കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ ശാലയിൽ എട്ടുപുസ്തകങ്ങളടങ്ങുന്ന കിറ്റിന് 210 രൂപയാണ് വില. ഈ കിറ്റുകൾ പൂർണമായും വിറ്റഴിഞ്ഞു. ജിദ്ദുകൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങളും അഭിമുഖങ്ങളും ഉൾപ്പെടുന്ന പുസ്തകങ്ങളാണ് ഇതിലുള്ളത്. വായനക്കാരുടെ ആത്മീയതയിലേക്കുള്ള സഞ്ചാരമാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

തൃശൂർ കറന്റ്, ഗ്രീൻ ബുക്സ്, ബുക്മാർക്, മാതൃഭൂമി, മലയാള മനോരമ, എൻബിഎസ് തുടങ്ങിയ പ്രസാധകർക്ക് നല്ല വിൽപ്പനയാണുള്ളത്. പൊതുവെ എല്ലാ വിൽപ്പനക്കാരും ഒരേ സ്വരത്തിൽ പറയുന്നത്, തരക്കേടില്ലാത്ത വിൽപ്പനയാണെന്നാണ്.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി